# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: പി.ബി നൂഹ് ഐ.എ.എസ്)

വിഷയം:- സാമൂഹ്യനീതി വകുപ്പ് - നിർഭയ സെൽ - നിർഭയ ഷെൽട്ടർ ഹോമുകളിൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് - ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- കേരള മഹിള സമഖ്യ സൊസൈറ്റിയുടെ 26.10.2016 ലെ കെ.എം.എസ്.എസ്/ എൻ.ആർ.406/16 നമ്പർ കത്ത്.

---

ഉത്തരവ് നം. N-628/16 തീയതി: 21.10.2017

---

ലൈംഗികാതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത അഭയം നൽകുന്നതിനുവേണ്ടിയാണ് നിർഭയ ഷെൽട്ടർ ഹോമുകൾ സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ സന്നദ്ധ സംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിലാണ് ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നത്. ഷെൽട്ടർ ഹോമുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഹോം മാനേജർ, വാർഡൻ, സോഷ്യൽ വർക്കർ, കെയർടേക്കർ, ഫീൽഡ് വർക്കർ, ലീഗൽ കൗൺസലർ, സൈക്കോളജിസ്റ്റ്, അക്കൗണ്ടന്റ്, ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി തുടങ്ങിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

നിർഭയ ഷെൽട്ടർ ഹോമുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് ഉത്തരവാകുന്നു.

1. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, നിർഭയ സെൽ/പ്രതിനിധി
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർ
4. വനിതാ സംരക്ഷണ ഓഫീസർ
5. ജില്ലാ മെഡിക്കൽ ഓഫീസർ
6. ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി/പ്രതിനിധി
7. സന്നദ്ധ സംഘടന മേധാവി

ഷെൽട്ടർ ഹോമുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി സന്നദ്ധ സംഘടനകൾ ആവശ്യമായ പ്രചാരണം നടത്തേണ്ടതാണ്. ഓരോ ജില്ലയിലും ഇന്റർവ്യൂ ബോർഡ് രൂപീകരിക്കേണ്ടതാണ്. ഒരു ഷെൽട്ടർ ഹോമിലേയ്ക്ക് തെരഞ്ഞെടുക്കുന്ന ജീവനക്കാരെ മറ്റൊരു ഷെൽട്ടർ ഹോമിലേയ്ക്ക് മാറ്റാൻ പാടില്ല. ഇന്റർവ്യൂ ബോർഡ് രൂപീകരിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, കുഞ്ചാലുംമൂട്, കരമന
2. ചെയർപേഴ്സൺ, കൾച്ചറൽ അക്കാദമി ഫോർ പീസ്, എറണാകുളം
3. പ്രസിഡന്റ്, അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോഴിക്കോട്
4. സുപ്പീരിയർ ജനറൽ, എഫ്.ഐ.എച്ച്, കൊല്ലം.
5. സെക്രട്ടറി, നിള നിള സേവാ സമിതി, തൃശ്ശൂർ.

പകർപ്പ്:

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
3. എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും

ഉത്തരവിൻപ്രകാരം

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ (I/C)